CEIA/5588/2024-SA1

ആർ.എം.ഐ.എസ് സെൽ
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം
ഇ മെയിൽ :jdmistat@gmail.com
തീയതി : 21-11-2025

പ്രേഷകൻ

ചീഫ് എഞ്ചിനീയർ (ഐ&എ)

സ്വീകർത്താവ്

എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും

സർ,

വിഷയം: - ജലസേചനം – ആർ.എം.ഐ.എസ് സെൽ – ഏഴാമത് എം.ഐ സെൻസസ് രണ്ടാമത് വാട്ടർബോഡി സെൻസസ് - വിവരശേഖരണം - സമയം ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) 11.2025 ലെ ഓവർസിയർമാർ സി ഇ യ്ക്ക് നല്കുകിയ കത്ത്

2) 8 പാലക്കാട് എം.ഐ. ഡിവിഷനിൽ നിന്നും 17.11.2025 തീയതിയിലെ സി - സെൻസസ്/2024-25 നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2023-24 അടിസ്ഥാന വർഷമാക്കി നടത്തി വരുന്ന ഏഴാമത് എം.ഐ. സെൻസസിന്റെയും രണ്ടാമത് വാട്ടർബോഡി സെൻസസിന്റെയും വിവരശേഖരണം ഈ മാസം 30 ന് മുമ്പ് പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രതികൂല കാലാവസ്ഥയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജോലികൾ ഉള്ളതിനാലും എസ്ഐആർ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിലവിലെ ജോലിയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ള സാഹചര്യത്തിലും സെൻസസ് പ്രവർത്തനങ്ങൾക്ക് അധിക സമയം അനുവദിക്കണമെന്ന് ജില്ലകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ആയത് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.ഐ.ആർ. ന്റെ ഭാഗമായി ബി.എൽ.ഒ. ആയി ജോലിയിൽ നിന്ന് വിടുതൽ ചെയ്തിട്ടുള്ളതും തെരഞ്ഞെടുപ്പ് ജോലികൾക്കായി റിട്ടേണിംഗ് ഓഫീസറുടെ സ്റ്റാഫായി ജോലിചെയ്യുന്നതുമായിട്ടുള്ള എന്യൂമറേറ്റർമാർക്കും, സൂപ്പർവൈസർമാർക്കും സെൻസസ് ജോലികൾ പൂർത്തിയാക്കുന്നതിന് 2025 ഡിസംബർ 31 വരെ സമയം ദീർഘിപ്പിച്ച് നൽകുന്നു. മറ്റ് എന്യൂമറേറ്റർമാരും സൂപ്പർവൈസർമാരും സെൻസസുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും നിലവിലെ നിർദ്ദേശം അനുസരിച്ച് പൂർത്തീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**Signed by Binoy Tomy George**
**Date: 21-11-2025 11:08:13**

ചീഫ് എഞ്ചിനീയർ (ഐ&എ)

പകർപ്പ്

എല്ലാ ചീഫ് എഞ്ചിനീയർമാരും

എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും